**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** | **23-02-2026 - ൽ മറുപടിയ്ക്ക്**

**ഹാൻവീവിന്റെ പ്രതിസന്ധി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ടി. സിദ്ദിഖ്</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഹാൻവീവിൽ നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ കുടിശ്ശിക ഉള്ളത്; വിശദാംശം നൽകാമോ; വിവിധ കുടിശ്ശികകൾ പൂർണമായും വിതരണം ചെയ്യാൻ നിലവിൽ എത്ര തുക ആവശ്യമായിവരും;</td><td>(എ)</td><td>ഹാൻവീവിൽ വിതരണം ചെയ്യാൻ കുടിശികയുള്ള ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><table>
<tr><th>Particulars</th><th>Amount (Rs in Lakh)</th></tr>
<tr><td>Wages to Weavers (October 2025 to December 2025)</td><td>159.00</td></tr>
<tr><td>Salaries and Allowances of Employees (September 2025 to January 2026)</td><td>201.67</td></tr>
<tr><td>Employees Provident Fund</td><td>310.25</td></tr>
<tr><td>Gratuity Payable to Retired Employees (38)</td><td>205.00</td></tr>
<tr><td>Interest on Gratuity</td><td>7.85</td></tr>
<tr><td>Terminal Surrender of Retired Employees (70)</td><td>150.91</td></tr>
<tr><td>Earned Leave Surrender of Employees currently in service</td><td>35.35</td></tr>
<tr><td>Total</td><td>1070.03</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഹാൻവീവിന് വിവിധയിനങ്ങളിലായി നിലവിൽ സർക്കാർ നൽകാനുള്ള കുടിശികയുടെ വിശദാംശം നൽകാമോ;</td><td>(ബി)</td><td>പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സ്ഥാപനങ്ങൾ തന്നെയാണ് കണ്ടെത്തേണ്ടത്. ബജറ്റിൽ വകയിരുത്തുന്ന തുക ധനലഭ്യത അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകാറുണ്ട്.</td></tr>
<tr><td>(സി)</td><td>നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഹാൻവീവ് നൽകിയ പ്രൊജക്റ്റ് പ്രകാരം തുക അനുവദിച്ച</td><td>(സി)</td><td>നടപ്പ സാമ്പത്തിക വർഷം സർക്കാർ ഓഹരി പങ്കാളിത്ത ഇനത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന</td></tr>
</table>

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | | 200 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും അതിൽ 135 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്.<br><br>കൂടാതെ, പ്രവർത്തന മൂലധന സഹായമായി 175 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും അതിൽ 100 ലക്ഷം രൂപയും, സ്റ്റാറ്റ്യൂട്ടറി ബാധ്യത തീർക്കുന്നതിനായി ഭരണാനുമതി നൽകിയ 75 ലക്ഷം രൂപയിൽ 30 ലക്ഷം രൂപയും റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. |
| (ഡി) | ഹാൻവീവിന്റെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കോർപ്പറേഷന്റെ വിൽപനയിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്തിയും കോർപ്പറേഷന് ലഭിക്കാനുള്ള ഫണ്ടുകൾ ലഭ്യമാക്കിയും മറ്റ് വരുമാനസ്രോതസ്സുകളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കിയും സ്ഥാപനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ